# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 3572 23-06-2014 ന് മറുപടിയ്ക്ക്**

## <u>വനം വകുപ്പിലെ ഫയലുകൾ തീർപ്പാക്കുന്നതിനുള്ള പദ്ധതികൾ</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, വി.പി.സജീന്ദ്രൻ<br>,, എ.റ്റി.ജോർജ്ജ്<br>,, ലൂഡി ലൂയിസ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന ഭൂരിഭാഗം ഫയലുകളും തീർപ്പാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ നൂറുദിന പരിപാടി, ഒരു വർഷ കർമ്മ പരിപാടി, വനംവകുപ്പിൽ പ്രത്യേകമായി നടപ്പിലാക്കിയ 'സാറ്റർഡേ പ്രോഗ്രാം' എന്നിവയുടെ ഭാഗമായി വനംവകുപ്പിൽ ദീർഘകാലമായി തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന ഫയലുകളിൽ സമയബന്ധിതമായി നടപടികൾ കൈക്കൊണ്ട് തീർപ്പ് കൽപ്പിക്കുന്നതിനുള്ള തീവ്രയജ്ഞ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി 2014 മെയ്-ജൂൺ മാസങ്ങളിൽ സർക്കാർ ആവിഷ്കരിച്ച 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനുള്ള തീവ്രയത്ന പരിപാടി വനംവകുപ്പിൽ നടപ്പിലാക്കി വരുന്നു. |
| (ബി) പദ്ധതിയുടെ പ്രവർത്തന രീതി എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്, വിശദമാക്കുമോ; | (ബി) & (സി) വനംവകുപ്പിൽ റെയിഞ്ച് തലം മുതൽ വനം വകുപ്പ് ആസ്ഥാനം വരെ തീർപ്പു കൽപ്പിക്കാനുള്ള ഫയലുകളുടെ ലിസ്റ്റ് തയ്യാറാക്കി കാലപ്പഴക്കത്തിന് മുൻഗണന നൽകി തീർപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി വനം വകുപ്പിൽ ദീർഘകാലമായി കെട്ടിക്കിടക്കുന്ന ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് സ്വീകരിച്ച തീവ്രയത്ന പരിപാടിയുടെ ഭാഗമായി വകുപ്പ് തലത്തിൽ ഡിവിഷൻ തലം മുതൽ ആസ്ഥാന |

ഓഫീസ് തലം വരെ വിവിധ ഘട്ടങ്ങളിലായി അദാലത്തുകൾ സംഘടിപ്പിച്ചു. സർക്കാരിന്റെ ഒരുവർഷ കർമ്മ പരിപാടിയുടെ ഭാഗമായി പ്രത്യേക നടപടി സ്വീകരിക്കുകയും ചെയ്തു. 2012 ഫെബ്രുവരി മാസം മുതൽ വനംവകുപ്പിൽ പ്രത്യേകമായി നടപ്പിലാക്കിയ 'സാറ്റർഡേ പ്രോഗ്രാ' മിന്റെ ഭാഗമായും തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചു. 2014 മെയ്-ജൂൺ മാസങ്ങളിൽ സർക്കാർ ആവിഷ്കരിച്ച 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായും വനംവകുപ്പിലെ വിവിധ ഓഫീസുകളിൽ 01.05.2014 തീയതി കണക്കാക്കി തീർപ്പാക്കാനുള്ള ഫയലുകളുടെ എണ്ണം നിട്ടപ്പെടുത്തുകയും സർക്കാർ നിശ്ചയിച്ച സമയക്രമം അനുസരിച്ച് ഫയൽ അദാലത്തുകൾ സംഘടിപ്പിക്കാനും തീർപ്പാക്കിയ ഫയലുകളുടെ പുരോഗതി സംബന്ധിച്ച പ്രതിവാര റിപ്പോർട്ട് സമർപ്പിക്കുവാനും വനം വകുപ്പിലെ എല്ലാ നിയന്ത്രണ അധികാരികൾക്കും നിർദ്ദേശം നൽകുകയുണ്ടായി. ഫയൽ തീർപ്പാക്കൽ പരിപാടിക്ക് മേൽനോട്ടം വഹിക്കുന്നതിനും പുരോഗതി റിപ്പോർട്ട് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുമായി വനം വകുപ്പ് ആസ്ഥാന ഡെപ്യൂട്ടി കൺസർവേറ്ററുടെ മേൽനോട്ടത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് നടപടി സ്വീകരിച്ചു. റെയിഞ്ച് തലം മുതൽ വനംവകുപ്പ് ആസ്ഥാന തലം വരെ ഫയൽ തീർപ്പാക്കൽ അദാലത്തുകൾ സംഘടിപ്പിച്ച് ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി വനംവകുപ്പിൽ നടപ്പിലാക്കി വരുന്നു. സർക്കാർ തലത്തിൽ കഴിഞ്ഞ വർഷം 25.07.2013, 26.08.2013, 18.12.2013 എന്നീ തീയതികളിൽ മൂന്ന് അദാലത്തുകൾ സംഘടിപ്പിക്കുകയും ഈ വർഷം 24.05.2014ൽ ഒരു അദാലത്ത് സംഘടിപ്പിക്കുകയും ഫയൽ നടപടി ത്വരിതപ്പെടുത്തുകയും നിരവധി ഫയലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ